# അറേബ്യൻ ഗാന്ധി

എം. എൻ. കാരശ്ശേരി



അറേബ്യൻ ഗാന്ധി

എം. എൻ. കാരശ്ശേരി

(മലയാളം: ലേഖനം)

© 2023, M. N. Karassery

The electronic versions have been created by making use of the production infrastructure of River Valley Technologies.

The electronic versions were generated from sources marked up in LaTeX in a computer running GNU/LINUX operating system. PDF was typeset using XeTeX from TeXLive 2020 and the cloud framework, Ithal (ഇതൾ). The base font used was traditional script of Rachana, contributed by KH Hussain, et al. and maintained by Rachana Institute of Typography. The font used for Latin script was Linux Libertine developed by Philipp H. Poll.

The electronic versions are released under the provisions of Creative Commons Attribution Non-commercial ShareAlike license for free download and usage.

Red Flower in a Vase, a painting by Martin Johnson Heade (1819–1904). The image is taken from Wikimedia Commons and is gratefully acknowledged.

**Sayahna Foundation**

JWRA 34, Jagathy, Trivandrum, India 695014

URL: www.sayahna.org

# അറേബ്യൻ ഗാന്ധി

പത്തിരുപതുകൊല്ലം മുമ്പാണ്. കൃത്യമായി പറഞ്ഞാൽ 1984. ഒരു സുഹൃത്തിന്റെ കൂടെ ഖത്തറിൽ ചെന്നിരിക്കുകയാണ് ഞാൻ. അയാൾക്ക് അത്യാവശ്യമായി എവിടെയോ പോകാനുണ്ട് എന്നു പറഞ്ഞപ്പോൾ ഒറ്റയ്ക്കു ദോഹാ നഗരം ചുറ്റാനിറങ്ങി. എത്തിപ്പെട്ടത് പബ്ലിക് റിലേഷൻസ് ഡിപ്പാർട്ടുമെന്റിന്റെ കേന്ദ്രകാര്യാലയത്തിലാണ്.

മുദീറി(പ്രധാനി)ന്റെ മുറിയിലേക്കു നേരെ കയറിച്ചെന്നു. കസേരയിൽ സുന്ദരനായ ഒരറബി യുവാവ്. വെളുത്തു മിനുത്ത പാരമ്പര്യവേഷം. തിളങ്ങുന്ന കണ്ണുകൾ, ചെറിയ താടി. മുറിയിൽ മറ്റാരുമില്ല. ഞാൻ സ്വയം പരിചയപ്പെടുത്തി. അദ്ദേഹം പാരമ്പര്യ സ്വാഗതവചനമായ 'അഹ്‌ലൻ, അഹ്‌ലൻ' എന്നു പറഞ്ഞ് എണീറ്റുനിന്ന് കൈ തന്നു. 'ഇന്ത്യക്കാരനാണല്ലേ?' എന്നു സന്തോഷത്തോടെ എടുത്തുചോദിച്ചു. അറബിയുടെ പിറകിലെ ചുമരിൽ ഗാന്ധിജിയുടെ ചിത്രം! വെള്ളക്കടലാസിൽ കറുത്ത മഷികൊണ്ട് വരച്ചതാണ്. കാരുണ്യം നിറഞ്ഞ കണ്ണുകൾ. ചുണ്ടിൽ ഇളം ചിരി. അതിശയത്തോടും ആഹ്ലാദത്തോടുംകൂടി ഞാൻ ചോദിച്ചു:

"അതു ഗാന്ധിജിയുടെ ചിത്രമല്ലേ?"

"അതെ. ഒരിന്ത്യക്കാരന് അതിൽ സംശയമുണ്ടോ?"

"നിങ്ങൾ അറബികൾ ആളുകളുടെ ചിത്രം ചുമരിൽ വെക്കാറുണ്ടോ?"

"ഇവിടെ പലേടത്തും പോയിക്കാണുമല്ലോ. ഞങ്ങളുടെ ഭരണാധികാരിയുടെ ഫോട്ടോ എല്ലായിടത്തും കണ്ടില്ലേ?"

ഞാൻ ഒന്നിളിഞ്ഞു. "അത്... പക്ഷേ... ഭരണാധികാരിയല്ലേ?"

"എന്താ, ഭരണാധികാരി മനുഷ്യനല്ലേ?" അദ്ദേഹം ചിരിച്ചു.

"എന്നാലും ഇന്ത്യക്കാരനായ ഗാന്ധിജിയുടെ ചിത്രം... അതും ഒരു സർക്കാറാപ്പീസിൽ?"

"ഓ... അമുസ്ലീമിന്റെ ചിത്രം, അല്ലേ? സഹോദരാ, നിങ്ങൾക്കൊക്കെ അറബികളെപ്പറ്റി ഇങ്ങനത്തെ പല തെറ്റിദ്ധാരണകളുണ്ട്. നിങ്ങളുടെ കണ്ണിലെ അതിശയം കണ്ടപ്പോഴേ എനിക്കതു വ്യക്തമായി. ഞങ്ങൾ അറബികൾ ഗാന്ധിജിയെ അറിയുമോ, അറിഞ്ഞാൽത്തന്നെ ആദരിക്കുമോ, ആദരിച്ചാൽത്തന്നെ ചിത്രം വെക്കുമോ എന്നൊക്കെയാണിതിനർത്ഥം. ഈ അതിശയം ഇവിടെ വരുന്ന ഒരറബിയും കാണിച്ചിട്ടില്ല. നിങ്ങൾ ഇന്ത്യക്കാരും പാക്കിസ്ഥാനികളുമൊക്കെയേ കാണിച്ചിട്ടുള്ളൂ."

ഞാൻ വല്ലാതായി. വിഷയം മാറ്റാൻ വേണ്ടി ചോദിച്ചു. "എന്താ പേര്?"

"യൂസുഫ്. ഞാൻ അങ്ങേയറ്റം ആദരിക്കുന്ന വ്യക്തികളിലൊരാളാണ് ഗാന്ധി. അല്ലാഹ ഇത്രയധികം ക്ഷമ എത്ര പേർക്ക് നൽകിയിട്ടുണ്ട്? ഈ ചിത്രം എന്നെയും ഇവിടെ വരുന്നവരെയും ക്ഷമയെപ്പറ്റി ഓർമിപ്പിച്ചു കൊണ്ടേയിരിക്കും."

"ആരാണാ ചിത്രം വരച്ചത്?"

"ഞാൻ തന്നെ. ഞാൻ ചിത്രകാരനാണ്. ആ വകയിലാണ് ജോലിയിൽ കയറിയത്."

എനിക്കുവേണ്ടി കാപ്പിയുണ്ടാക്കുമ്പോഴും എന്നെ യാത്രയാക്കാൻ വേണ്ടി പ്രവേശനകവാടത്തോളം വന്നപ്പോഴുമെല്ലാം ഗാന്ധിയുടെ നാടായ ഇന്ത്യ കാണാനുള്ള ആഗ്രഹത്തെപ്പറ്റിയാണ് ആ ഖത്തരി യുവാവ് പറഞ്ഞുകൊണ്ടിരുന്നത്.

മാതൃഭൂമി: 22 ജൂലായ് 2005.

□

## എം. എൻ. കാരശ്ശേരി



മുഴുവൻ പേര്: മുഹ്യുദ്ദീൻ നടുക്കണ്ടിയിൽ. കോഴിക്കോട് ജില്ലയിലെ കാരശ്ശേരി എന്ന ഗ്രാമത്തിൽ 1951 ജൂലായ് 2-ന് ജനിച്ചു. പിതാവ്: പരേതനായ എൻ. സി. മുഹമ്മദ് ഹാജി. മാതാവ്: കെ. സി. ആയിശക്കുട്ടി. കാരശ്ശേരി ഹിദായത്തുസ്സിബിയാൻ മദ്രസ്സ, ഐ. ഐ. എ. യു. പി. സ്കൂൾ, ചേന്ദമംഗല്ലൂർ ഹൈസ്കൂൾ, കോഴിക്കോട് ഗുരുവായൂരപ്പൻ കോളേജ്, കാലിക്കറ്റ് സർവ്വകലാശാലാ മലയാളവിഭാഗം എന്നിവിടങ്ങളിൽ പഠിച്ചു. സോഷ്യോളജി-മലയാളം ബി. എ., മലയാളം എം. എ., മലയാളം എം. ഫിൽ. പരീക്ഷകൾ പാസ്സായി. 1993-ൽ കാലിക്കറ്റ് സർവ്വകലാശാലയിൽ നിന്ന് ഡോക്ടറേറ്റ്. 1976–78 കാലത്ത് കോഴിക്കോട്ട് മാതൃഭൂമിയിൽ സഹപത്രാധിപരായിരുന്നു. പിന്നെ അധ്യാപകനായി. കോഴിക്കോട് ഗവ. ആർട്സ് ആന്റ് സയൻസ് കോളേജ്, കോടഞ്ചേരി ഗവ. കോളേജ്, കോഴിക്കോട് ഗവ: ഈവനിങ്ങ് കോളേജ് എന്നിവിടങ്ങളിൽ ജോലി നോക്കി. 1986-മുതൽ കാലിക്കറ്റ് സർവ്വകലാശാലാ മലയാളവിഭാഗത്തിൽ.

പുസ്തകങ്ങൾ: പുലിക്കോട്ടിൽകൃതികൾ (1979), വിശകലനം (1981), തിരുമൊഴികൾ (1981), മുല്ലാനാസറുദ്ദീന്റെ പൊടിക്കൈകൾ (1982), മക്കയിലേക്കുള്ള പാത (1983), ഹുസ്നൽ ജമാൽ (1987), കുറിമാനം (1987), തിരുവരുൾ (1988), നവതാളം (1991), ആലോചന (1995), ഒന്നിന്റെ ദർശനം (1996), കാഴ്ചവട്ടം (1997) തുടങ്ങി എൺപതിലേറെ കൃതികൾ.

ഭാര്യ: വി. പി. ഖദീജ, മക്കൾ: നിശ, ആഷ്‌ലി, മുഹമ്മദ് ഹാരിസ്.

# പിൻകുറിപ്പ്

- മുപ്പതു മുതൽ നാല്പതു മിനിട്ടിനകം വായിച്ചു തീർക്കാവുന്ന ഉള്ളടക്കമാണ് സായാഹ്ന പുറത്തിറക്കുന്ന ഈ ഫോൺ പിഡിഎഫുകളിൽ ഉള്ളത്. ഇതു വായിക്കുവാനായി ഒരിക്കലും ഒരു കമ്പ്യൂട്ടറോ ഡെസ്ക്ടോപ് ആപ്ലിക്കേഷനുകളൊ ആവശ്യമില്ല.
- ആധുനിക മനുഷ്യന്റെ സന്തതസഹചാരിയായ സ്മാർട്ട് ഫോണുകളുടെ സ്ക്രീനിൽ തന്നെ വായിക്കുവാൻ തക്ക രീതിയിലാണു ഈ പിഡിഎഫുകൾ വിന്യസിച്ചിരിക്കുന്നത്. ഫോണിന്റെ വീതിക്കു നിജപ്പെടുത്തിയ രീതിയിലാണ് മാർജിനുകൾ ചിട്ടപ്പെടുത്തിയിരിക്കുന്നത്.
- പിഡിഎഫ് പ്രമാണങ്ങൾ വായിക്കുവാനുള്ള പ്രയോഗങ്ങൾ എല്ലാതരം സ്മാർട്ട്ഫോണുകളിലും ഇന്നു ലഭ്യമാണ്. എന്നിരിക്കിലും സൗജന്യമായി കിട്ടുന്ന അഡോബി അക്രോബാറ്റ് റീഡർ ആണ് ഇവയിൽ ഏറ്റവും മുന്തിയത്. അതുകൊണ്ട് അഡോബി റീഡർ ഇൻസ്റ്റാൾ ചെയ്യുകയും അതിൽ ഈ ഫോൺ പിഡിഎഫുകൾ വായിക്കുകയും ചെയ്യുക.
- സ്വതന്ത്രപ്രസാധനം ആഗ്രഹിക്കുന്ന/ഇഷ്ടപ്പെടുന്ന ആർക്കുവേണമെങ്കിലും സായാഹ്നയിലൂടെ സ്വന്തം കൃതികൾ പ്രസാധനം ചെയ്യാവുന്നതാണ്. 30 മുതൽ 60 മിനിട്ടുകൾക്കകം വായിച്ചുതീർക്കാവുന്ന ഉള്ളടക്കം – കഥകൾ, അനുഭവക്കുറിപ്പുകൾ, ലേഖനങ്ങൾ, അഭിമുഖങ്ങൾ, സിനിമാനിരൂപണങ്ങൾ, കവിതകൾ – എന്നു തുടങ്ങി എന്തുവേണമെങ്കിലും അയയ്ക്കാവുന്നതാണ്. അയയ്ക്കേണ്ട വിലാസം: <editors@sayahna.org>.
- പ്രതികരണങ്ങൾ <editors@sayahna.org> എന്ന ഇമെയിലിലിലേയ്ക്കോ, ഈ വെബ് പേജിൽ കമ്മന്റുകളായോ ചേർക്കുക. നിർദ്ദേശങ്ങളും വിമർശനങ്ങളും എപ്പോഴും സ്വീകാര്യമാണ്. അവ സായാഹ്നപ്രവർത്തകർക്ക് കൂടുതൽ ഉത്തേജനം നൽകുന്നതാണ്.

സായാഹ്ന ഫൗണ്ടേഷൻ, ജഗതി, തിരുവനന്തപുരം 695014